[ശ്രീ. എ. എ. റഹിം]

നടപടികൾ സ്വീകരിച്ചിരിക്കുന്നതിനാൽ, പഠിത്തത്തിനുശേഷം ആവശ്യമായി വരുന്ന പ്രാക്ടീസിന് ഇപ്പോഴേ അനുവാദം ലഭിക്കണമെന്നുള്ള ആവശ്യത്തിനുവേണ്ടി അനാവശ്യമായ തുടങ്ങിയിട്ടുള്ള സമരപരിപാടികൾ അവസാനിപ്പിച്ച് അവർ ക്ലാസ്സുകളിൽ പ്രവേശിച്ച വിദ്യാഭ്യാസം തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്. കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറ് പര്യാലോചനയിലിരിക്കുന്ന ഈ അവസരത്തിൽ അതിനൊരു തീരുമാനം എടുക്കുന്നതെന്താണെന്ന റിയാതെ ഈ സമരം തുടരുന്നത് ആശാസ്യമല്ല.

ശ്രീ. കെ. സി. ജോർജ്ജ് : ബഹുമാനപ്പെട്ട മന്ത്രി ഡിഗ്രികോഴ്സുകാരെപ്പറ്റിയാണ് പറഞ്ഞത്. ഡിപ്ലോമാ കോഴ്സുകാരും സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. എ. റഹിം : ഡിപ്ലോമാ കോഴ്സുകാർ മറ്റു ചില പ്രത്യേക ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ഒന്നാമത്, അവർക്ക് സ്റ്റൈപ്പൻറ് വേണമെന്നാണ്. അങ്ങനെയൊരു പാളിസി ഗവണ്മെൻറ് ഇപ്പോൾ സ്വീകരിച്ചിട്ടില്ല. ഇൻജിനീയറിംഗ് കോളേജുകളെപ്പോലെ ടെക്നിക്കൽ കോഴ്സു നടത്തുന്ന സ്ഥാപനങ്ങളിൽ പോലും സ്റ്റൈപ്പൻറ് കൊടുക്കുന്ന നയം സ്വീകരിച്ചിട്ടില്ല. ഈ വിവരം ഒരു കൊല്ലത്തിനു മുമ്പുതന്നെ വിദ്യാർത്ഥികളെ അറിയിച്ചിട്ടുണ്ട്. യാതൊരു കോളേജുകളിലും സ്റ്റൈപ്പൻറ് കൊടുക്കുന്നില്ല എന്ന നിലയാണ് ഇന്നു ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്. ആയുർവ്വേദകോളേജിനു മാത്രമായിട്ട് സ്റ്റൈപ്പൻറ് നൽകാൻ നിവൃത്തിയില്ല.

സർ, പ്രിൻസിപ്പാളിനെയും, അദ്ധ്യാപകരെയും നിയമിച്ച് പഠിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്ന സ്ഥിതിക്ക്, വിദ്യാർത്ഥികൾ അനാവശ്യമായി സമരം തുടർന്ന് പല കുഴപ്പങ്ങളും ഉണ്ടാക്കുന്നതുകൊണ്ടു കോളേജ് അടച്ചിടുവാനാണ് ഗവണ്മെൻറ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇപ്പോഴത്തെ പ്രിൻസിപ്പാളിനെ മദ്രാസ് ഗവണ്മെൻറ് ഡിസ്മിസ്സു ചെയ്തിട്ടുണ്ടെന്നു ശ്രീ. ഭാസി പറഞ്ഞതു ശരിയാണോ ?

ശ്രീ. എ. എ. റഹിം : അതു ശരിയല്ല.

യ... ഈ പ്രeaker : Now, we will proceed on Legislative
മാത്രമായി സ
പ്രാക്ടീസ് ചെ
ഇൻഡ്യ ഒട്ടാകെ
വേണ്ട നിർദ്ദേശ

LEGISLATIVE BUSINESS

Holdings (Stay of Execution Proceedings) Amendment Bill, 1956.

...നിന്നും ഒരു ഹൈ... *finance & Home affairs* (SHRI A. J. JOHN): ...ആയപ്പോൾ ഇതു introduce the Holdings (Stay of Execution ...മോക്കേവാദ തിരുത്തൽ amendment Bill, 1956.
...സ് ആക്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

Minister for Health (SHRI A. A. RAHIM): I second it.

MR. SPEAKER: The Bill stands introduced.

SHRI A. J. JOHN: Sir, I move that the Bill be taken up for consideration at once.

SHRI A. A. RAHIM: I second it.

[Mr. Deputy Speaker in the Chair]

ശ്രീ. എ. ജെ. ജോൺ: സർ, ഈ സഭയുടെ കഴിഞ്ഞ യോഗത്തിൽ ഇതുപോലെ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചു് ആറുമാസത്തേയ്ക്കുകൂടി അതിന്റെ കാലാവധി നീട്ടണമെന്നു് ആവശ്യപ്പെടുകയും അതു ഈ സഭ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണു്. അന്നു അങ്ങനെ കാലാവധി നീട്ടുന്നതിന്റെ കാരണം പ്രസ്താവിച്ചതു്, വെറുപ്പാട്ടഭാർ ബിൽ സെലക്ട്കമ്മിറ്റിയുടെ പരിശോധനയ്ക്കുവേണ്ടി അയച്ചിട്ടുണ്ടെന്നും ആ ബിൽ സെലക്ട്കമ്മിറ്റിയുടെ പരിശോധനകഴിഞ്ഞു ഈ സഭയിൽ മാത്രമെ വരികയുള്ളു എന്നും, അങ്ങനെ കുറെ കാലതാമസം വേണ്ടിവരുമെന്നും അതുകൊണ്ടു് ആറുമാസത്തേയ്ക്കുകൂടി ആക്ടിന്റെ കാലാവധി വർദ്ധിപ്പിക്കണമെന്നുമായിരുന്നു. അതനുസരിച്ചു് അസംബ്ലി അതിന്റെ കാലാവധി ആറുമാസത്തേയ്ക്കുകൂടി നീട്ടുകയുണ്ടായി. സെലക്ട്കമ്മിറ്റി വെറുപ്പാട്ടംഭാർ ബില്ലിനെപ്പറ്റി ആലോചിച്ചു് അവസാന റിപ്പോർട്ടു് ഈ സഭയിലേക്കു ഇന്നുവരെ അയച്ചിട്ടില്ല. സെലക്ട്കമ്മിറ്റി ഈ ബില്ലിലെ ഓരോ വകുപ്പിനെപ്പറ്റിയും അഭിപ്രായരൂപം രേഖപ്പെടുത്തി ആ ബിൽ അവസാനമായി ചർച്ചചെയ്യപ്പെടുകഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ അറിവു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചതുപോലെ വെറുപ്പാട്ടംഭാർ ബില്ലിനെപ്പറ്റിയും, ഭൂമികൈവശാവകാശവും ഉടമയും നിയന്ത്രണബില്ലിനെപ്പറ്റിയും സെലക്ട്കമ്മിറ്റികളുടെ റിപ്പോർട്ടു് ഒരുമിച്ചു ഈ സഭയിൽ സമർപ്പിക്കാമെന്നാണു് വിചാരിക്കുന്നതു്. അതിനാൽ ഈ ബില്ലു കൊണ്ടുദ്ദേശിക്കുന്നതു് ഈ ആക്ടിന്റെ കാലാവധി ആറുമാസത്തേയ്ക്കുകൂടി നീട്ടണമെന്നാണു്. വെറുപ്പാട്ടംഭാർ ബിൽ ഇവിടെ അവതരിപ്പിച്ചു പാസാക്കിയാൽത്തന്നെയും പ്രസിഡന്റിനു അയച്ചു അനുമതി വാങ്ങേണ്ടതായുണ്ടു്. അതിനും സമയം ആവശ്യമായിരിക്കുന്നതിനാൽ എനിക്കു ഈ സഭയോടു അഭ്യർത്ഥിക്കുവാനുള്ളതു് ആക്ടിന്റെ കാലാവധി ആറുമാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കണമെന്നാണു്. ഇതിനെ അനുകൂലിച്ചു ഈ സഭയിലുള്ള എല്ലാ അംഗങ്ങളും വോട്ടുചെയ്യണമെന്നു അപേക്ഷിക്കുന്നു.

The question that the Bill be taken up for consideration at once was put and carried.

Clause 2.

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 1.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the preamble and the title stand part of the Bill was put and carried.

The Preamble and the Title were added to the Bill.

SHRI A. J. JOHN: I move that the Holdings (Stay of Execution Proceedings) Amendment Bill, 1956 be finally passed.

SHRI A. A. RAHIM: I second it.

The question that the Holdings (Stay of Execution Proceedings) Amendment Bill, 1956 be finally passed was put and carried.

The Bill was passed.

The Travancore-Cochin Payment of Salaries and Allowances (Amendment) Bill, 1956.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, I beg to introduce the Travancore-Cochin Payment of Salaries and Allowances (Amendment) Bill, 1956.

Minister for Health (SHRI A. A. RAHIM): I second it.

MR. DEPUTY SPEAKER: The Bill stands introduced.

SHRI PANAMPILLI GOVINDA MENON: I move that the Bill be taken up for consideration.

SHRI A. A. RAHIM: I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ലിൽ പ്രധാനമായി ഉദ്ദേശിക്കുന്നതു താഴെ പറയുന്ന കാര്യങ്ങളാണ്. ഇപ്പോൾ മന്ത്രിമാരും ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിയിൽനിന്നും പുറത്തു സഞ്ചരിക്കുന്ന സന്ദർഭങ്ങളിൽ, ചിലപ്പോൾ മറ്റു ചില സംസ്ഥാനങ്ങളിൽ അവരെ സ്റ്റേറ്റ് ഗസ്റ്റുകളായി സ്വീകരിക്കുന്ന പതിവുണ്ട്. മദ്രാസ്, മൈസൂർ പഞ്ചാബ് മുതലായ സ്ഥലങ്ങളിലും, ഡെൽഹിയിലും ചിലയവസരങ്ങളിൽ ഇൻഡ്യാഗവണ്മെന്റിന്റെ ഗസ്റ്റായിട്ടും, ചിലപ്പോൾ മറ്റു സ്റ്റേറ്റുകളിൽ അതാതു സ്റ്റേറ്റുഗസ്റ്റായിട്ടും, താമസിക്കുന്ന പതിവുണ്ട്. നിലവിലിരിക്കുന്ന നിയമപ്രകാരം, മറ്റു ഗവണ്മെൻറുകളുടെ ഗസ്റ്റായിട്ടുകഴിയുമ്പോൾ അവർക്കു ഡയിലി അലവൻസു വാങ്ങാനുള്ള അവകാശമുണ്ട്. വേറെ ഒരു സ്റ്റേറ്റിന്റെ ഗസ്റ്റായിട്ടു കഴിഞ്ഞുകൂടുന്ന അവസരത്തിൽ അങ്ങനെ ഡയിലി അലവൻസു വാങ്ങുന്ന നയം ശരിയല്ലെന്നാണ് ഈ ഗവണ്മെൻറു വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly